JAGRATHA - 122

Vol - 4, N0: 3

25-01- 2010

## റിപ്പബ്ലിക് ദിനാശംസകൾ

*Kerala Catholic Bishops' Council's*

***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom, Kochi-25, Ph: 0484 2806262, kcbcshv@gmail.com

(കേരള കത്തോലിക്കാസഭയുടെ ഒരു ഇന്റർനെറ്റ് വാർത്താമാധ്യമം)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**സീറോമലബാർ സഭയിലെ നിയുക്ത മെത്രാൻമാർക്ക് കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ അഭിനന്ദനങ്ങൾ നേരുന്നു**



നിയുക്തമെത്രാൻമാർ

## പ്രധാന വാർത്തകൾ

01. സീറോ മലബാർ സഭയിൽ പുതിയ ആറ് ബിഷപ്പുമാർ

02. പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികളുമായി കത്തോലിക്കാസഭ

03. കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയെ സംരക്ഷിക്കാൻ കേന്ദ്ര സിലബസ്സിന് തുല്യമായ പാഠ്യപദ്ധതി നടപ്പിലാക്കുക: കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

04. സംവരണ കാര്യത്തിൽ മതവിവേചനം അനീതി: സിബിസിഐ

## 01. സീറോ മലബാർ സഭയിൽ പുതിയ ആറ് ബിഷപ്പുമാർ

സീറോ മലബാർ സഭയ്ക്കു പുതുതായി രണ്ട് രൂപതകളും പുതിയ ആറു ബിഷപ്പുമാരെയും പ്രഖ്യാപിച്ചു. മോൺ. റെമീജിയസ് ഇഞ്ചനാനിയിൽ- താമരശേരി, മോൺ. പോളി കണ്ണൂക്കാടൻ- ഇരിങ്ങാലക്കുട, മോൺ. റാഫേൽ തട്ടിൽ- തൃശൂർ അതിരൂപത സഹായ മെത്രാൻ, മോൺ. ബോസ്കോ പുത്തൂർ- സീറോ മലബാർ സഭാ കൂരിയ ബിഷപ്, മോൺ. ജോർജ് ഞരളക്കാട്ട്-മാണ്ഡ്യ, മോൺ. പോൾ ആലപ്പാട്ട് - രാമനാഥപുരം എന്നിവരാണ് പുതിയ ബിഷപ്പുമാർ. മാനന്തവാടി രൂപത വിഭജിച്ച് കർണാടകയിലെ മാണ്ഡ്യ, ഹാസൻ, മൈസൂർ, ചാമരാജ് നഗർ എന്നീ ജില്ലകൾ ഉൾപ്പെടുത്തി മാണ്ഡ്യ രൂപതയും പാലക്കാട് രൂപതയുടെ തമിഴ്നാട്ടിലുള്ള കോയമ്പത്തൂർ, ഈറോഡ്, കാരൂർ, തിരുപ്പൂർ ജില്ലകളിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി രാമനാഥപുരം രൂപതയും രൂപീകരിച്ചു. ഭദ്രാവതി രൂപതയുടെ അതിർത്തി മാനന്തവാടി രൂപതയുടെ ചിക്ക്മംഗളൂർ പ്രദേശം കൂടി ഉൾപ്പെടുത്തി പുനഃനിർണയിച്ചു. സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിലാണ് ഇന്നലെ ഇതുസംബന്ധിച്ച കല്പന പുറപ്പെടുവിച്ചത്. താമരശേരി രൂപതാധ്യക്ഷപദവിയൊഴിയുന്ന ബിഷപ് മാർ പോൾ ചിറ്റില പ്പിള്ളിയുടെ പിൻഗാമിയായിട്ടാണ് മോൺ. റെമീജിയസ് ഇഞ്ചനാനി നിയമിതനായത്. ഇരിങ്ങാലക്കുട രൂപതാധ്യക്ഷപദവിയൊഴിയുന്ന മാർ ജയിംസ് പഴയാറ്റിലിന്റെ പിൻഗാമിയായി മോൺ. പോളി കണ്ണൂക്കാടനും തൃശൂർ അതിരൂപതയുടെ സഹായ മെത്രാനായി മോൺ. റാഫേൽ തട്ടിലും നിയമിതരായി. കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിലെ ആദ്യത്തെ കൂരിയ മെത്രാനായിട്ടാണ് മോൺ. ബോസ്കോ പുത്തൂരിന്റെ നിയമനം. പുതുതായി രൂപീകൃതമാകുന്ന മാണ്ഡ്യ രൂപതാ ബിഷപ്പായി മോൺ. ജോർജ് ഞരളക്കാട്ടും രാമനാഥപുരം രൂപതയുടെ ബിഷപ്പായി മോൺ. പോൾ ആലപ്പാട്ടും നിയമിതരായി. മേജർ ആർച്ച്ബിഷപ്പിനെ ഉത്തരവാദിത്വങ്ങളിൽ സഹായിക്കാനാണ് കൂരിയാ ബിഷപ്പിനെ നിയമിച്ചത്. മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്ത് ഏതെങ്കിലും കാരണവശാൽ ഒഴിവു വന്നാൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ അഡ്മിനിസ്ട്രേറ്റർ ആയി ചുമതല ഏറ്റെടുക്കേണ്ടതും കൂരിയാ ബിഷപ്പാണ്. ഇന്നലെ വൈകുന്നേരം 4.30-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിലെ മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിലും അതതു രൂപതാ ആസ്ഥാനങ്ങളിലും, ഇറ്റാലിയൻ സമയം ഉച്ചയ്ക്ക് 12 മണിക്ക് വ ത്തിക്കാനിലും പുതിയ ബിഷപ്പുമാരുടെ നിയമന വാർത്തയും മറ്റു കല്പനകളും പ്രസിദ്ധീകരിച്ചു.

## 02. പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികളുമായി കത്തോലിക്കാസഭ

പരിസ്ഥിതി സംരക്ഷണത്തിന് നൂതന പദ്ധതികളുമായി കത്തോലിക്കാ സഭ മുന്നിട്ടിറങ്ങുന്നു. ബെനഡിക്റ്റ് 16-ാമൻ മാർപാപ്പയുടെ ലോക സമാധാന ദിന സന്ദേശത്തെ മുറുകെപ്പിടിച്ചുകൊണ്ടാണ് കേരള കത്തോലിക്കാ സഭ പ്രകൃതി സംരക്ഷണത്തിന് പുതിയ പദ്ധതി തയാറാക്കുന്നത്. കാരിത്താസ് ഇൻ വേരിത്താത്തെ(സത്യത്തിൽ സ്നേഹം) എന്ന ചാക്രിക ലേഖനത്തിലും പ്രകൃതിപരമായ പരിസ്ഥിതിയോടുള്ള മനുഷ്യന്റെ ദൃഢബന്ധത്തിൽ നിന്നുണ്ടാകുന്ന കടമകളോട് ഉറ്റബന്ധം പുലർത്തുന്നതാണ് സമഗ്ര മാനുഷിക വികസനമെന്ന് മാർപാപ്പ വ്യക്തമാക്കിയിട്ടുണ്ട്. മലിനീകരണം, ഖരമാലിന്യങ്ങൾ, പുതിയ രോഗങ്ങൾ, തികഞ്ഞ വിനാശക ശക്തി എന്നിങ്ങനെയുള്ളവ വ്യാപകമായ ഒരു സാമൂഹിക പ്രശ്നമായി മുഴുവൻ മനുഷ്യവംശത്തെയും ബാധിക്കുമെന്നു മാർപാപ്പ സന്ദേശത്തിൽ വ്യക്തമാക്കിയിരുന്നു.ഭൂമി, ജലം, വായു എന്നിവ എല്ലാവർക്കും വേണ്ടി സ്രഷ്ടാവായ ദൈവം നല്കിയ സമ്മാനമെന്ന നിലയിൽ സംരക്ഷിക്കണമെന്നും മാർപാപ്പ ആഹ്വാനം ചെയ്തിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ മൂവാറ്റുപുഴ രൂപതാധ്യക്ഷനായ ഡോ.ഏബ്രഹാം മാർ ജൂലിയോസിന്റെ നേതൃത്വത്തിൽ വിദഗ്ധ സമിതിയെയും കെസിബിസി നിയോഗിച്ചിരുന്നു. കേരളത്തിൽ ഒരു പരിസ്ഥിതി സൗഹൃദ സംസ്ക്കാരം രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് സമിതി ആസൂത്രണം ചെയ്യുന്നത്. ഇതിന്റെ പ്രാഥമിക യോഗം കൊച്ചി പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ നടന്നു.ബിഷപ് എബ്രാഹാം മാർ ജൂലിയോസ്, റവ ഡോ. സ്റ്റീഫൻ ആലത്തറ, ഫാ. ജോണി കൊച്ചുപറമ്പിൽ, ഫാ. റൊമാൻസ് ആന്റണി,

ജോജ്ജ് എം കാക്കനാട്, ഡോ.ഹരിദാസ് വി. ആർ, ഡോ. ആനി തോമസ്, ഫാ. ജോർജ്ജ് പീറ്റർ പിട്ടാപ്പിള്ളിൽ, ഡോ. ജോസ് കല്ലറയ്ക്കൽ, അനോജ്കുമാർ പി.വി, ജോർജ്ജ് കുളങ്ങര, ഫാ. മരിയാൻ അറയ്ക്കൽ, ഫാ. ജെയ്സൺ കൊല്ലന്നൂർ, ഫാ. സൈറസ് കൊല്ലപറമ്പിൽ, ഫാ. ജോസ് കോട്ടയിൽ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരും ശാസ്ത്രജ്ഞരും സാമൂഹ്യപ്രവർത്തകരും പരിസ്ഥിതിവാദികളും ഉൾപ്പെട്ട കോർ കമ്മിറ്റിയിൽനിന്നു മാർഗരേഖ തയാറാക്കുന്നതിനായി സബ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. ബിഷപ് എബ്രാഹാം മാർ ജൂലിയോസ് സബ്കമ്മറ്റി അദ്ധ്യക്ഷനാണ്. കെസിബിസി ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ.ജോണി കൊച്ചുപറമ്പിൽ കൺവീനറാണ്. ഫാ. റൊമാൻസ് ആന്റണി, ഫാ. ജോസ് മാത്യു വയലിൽകളപ്പുര, ഫാ. ജോർജ്ജ് പീറ്റർ പിട്ടാപ്പിള്ളി, ഡോ. ജോസ് കല്ലറയ്ക്കൽ, ഡോ. ഹരിദാസ് വി.ആർ, ഡോ. ആനി തോമസ്, മി. ജോർജ്ജ് കുളങ്ങര എന്നിവർ കമ്മറ്റി അംഗങ്ങളാണ്. ഇവർ തയാറാക്കുന്ന മാർഗരേഖ കെസിബിസിയുടെ ജൂൺ സെഷനിൽ ചർച്ചയ്ക്ക് വയ്ക്കും. പരിസ്ഥിതി വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കെസിബിസി പ്രത്യേക കമ്മീഷനെയും നിയോഗിക്കും. പരിസ്ഥിതിക്കായി പ്രവർത്തിക്കുന്ന കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ വിവിധ ഏജൻസികളെയും ഇന്ത്യൻ പരിസ്ഥിതി സംഘടന, പരിസ്ഥിതി-വനം മന്ത്രാലയം, പരിസ്ഥിതി വികസന നേതൃത്വ പരിശീലന സമിതി തുടങ്ങിയവയുമായും വിവിധ പരിസ്ഥിതി ക്ലബുകളുൾപ്പെടെയുള്ളവയുമായും കൈകോർത്തുള്ള പ്രവർത്തനങ്ങൾക്കും സഭ ആലോചിക്കുന്നുണ്ട്. 29 രൂപതകളെയും അതിനു കീഴിലുള്ള മുഴുവൻ സ്കൂളുകളെയും-കോളേജുകളെയും കെസിബിസിയുടെ 18 കമ്മീഷനുകളും 10 ഡിപ്പാർട്ടുമെന്റുകളും സംയുക്തമായി ഇതര മതസ്ഥരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

## 03. കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയെ സംരക്ഷിക്കാൻ കേന്ദ്ര സിലബസ്സിന് തുല്യമായ പാഠ്യപദ്ധതി നടപ്പിലാക്കുക: കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്ത് കേന്ദ്രസിലബസ്സിന് തുല്യമായ പാഠ്യപദ്ധതി നടപ്പിലാക്കണമെന്ന് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ആവശ്യപ്പെടുന്നു. രാജ്യത്തെ വിദ്യാഭ്യാസരംഗത്ത് മാതൃകാസംസ്ഥാനമായിരുന്ന കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖല വികലവും പ്രായോഗികവുമല്ലാത്ത പരിഷ്കാരങ്ങളുടെ പേരിൽ ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസരംഗത്തുനിന്നും ലക്ഷകണക്കിന് വിദ്യാർത്ഥികൾ കേരള സിലബസ്സിനോട് വിടപറയുന്നു എന്ന യാഥാർത്ഥ്യം അംഗീകരിക്കാതെ തലതിരിഞ്ഞ പരിഷ്കാരങ്ങളുമായി സംസ്ഥാനവിദ്യാഭ്യാസവകുപ്പ് മുന്നോട്ടു പോകുകയാണ്. നമ്മുടെ നാടിന്റെ വികസനത്തിൽ പൊതുവിദ്യാഭ്യാസമേഖല ഒരു സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. പ്രഗത്ഭരും പ്രശസ്തരുമായ തലമുറകളെ സൃഷ്ടിക്കാനും അവരിൽ പലരേയും പുരോഗതിയുടെ വിവിധ മേഖലകളിലേക്ക് സംഭാവന ചെയ്യാനും കഴിഞ്ഞത് നമ്മുടെ വിദ്യാഭ്യാസമേഖലയുടെ നേട്ടം തന്നെയാണ്. പൊതുവിദ്യാഭ്യാസരംഗത്തുനിന്നും പഠിച്ച് പുറത്തിറങ്ങുന്ന കുട്ടികളുടെ ലാളിത്യവും സമഭാവനയും അംഗീകരിക്കപ്പെടേണ്ടതുതന്നെ. എന്നാൽ രാജ്യത്തെ പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അപരിഷ്കൃതമായി ചിത്രീകരിക്കുകയും വിദേശരാജ്യങ്ങളിൽ വിജയകരമായി നടപ്പിലാക്കാൻ കഴിയാതിരുന്ന 'ജ്ഞാനനിർമ്മിതി' വാദവും 'വിമർശനാത്മകബോധനശാസ്ത്രവും' അടിസ്ഥാനമാക്കി പരിഷ്കാരങ്ങൾ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ പരിഷ്ക്കാരങ്ങളെ കേരളത്തിലെ പൊതുസമൂഹം തള്ളികളഞ്ഞിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് ലക്ഷകണക്കിന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്. ഇങ്ങനെ പോകുന്ന വിദ്യാർത്ഥികൾ കേരള സിലബസ്സുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കല്ല, കേന്ദ്ര സിലബസ്സുള്ള വിദ്യാലയങ്ങളിലേക്കാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

സംസ്ഥാനത്തെ വിവിധ സേവനമേഖലകളിൽ നിന്ന് ഘട്ടം ഘട്ടമായി പിൻമാറാനുള്ള സർക്കാർ ശ്രമങ്ങളുടെ ഭാഗമാണ് ഗുണപരമല്ലാത്ത ഇത്തരം പരിഷ്കാരങ്ങൾ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ ആശ്രയിക്കുന്ന പൊതുവിദ്യാലയങ്ങളിൽ ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങൾ വിദ്യാഭ്യാസ-സാംസ്ക്കാരികപ്രവർത്തകർ പഠനവിഷയമാക്കേ

ണ്ടതാണ്. വിദ്യാഭ്യാസമേഖലയെ, വിശിഷ്യ എയ്ഡഡ് മേഖലയെ ഏതു വിധേനയും മുട്ടുകുത്തിക്കാനാണ് ചില രുടെ ശ്രമങ്ങൾ. നിരീശ്വരത്വവും മതവിദ്വേഷവും വളർത്തുന്നതിന് യോജിച്ച പുസ്തകങ്ങളും ഡോക്യുമെന്ററി കളും നിർമ്മിക്കാൻ വിദ്യാഭ്യാസവകുപ്പ് കാണിക്കുന്ന അമിതോത്സാഹം പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാ നാണ് കാണിക്കേണ്ടിയിരുന്നത്. പാഠപുസ്തകവിവാദങ്ങളെ തുടർന്ന് ഈ സർക്കാർ നിയോഗിച്ച ശ്രീ. കെ.എൻ പണിക്കർ നേതൃത്വം നൽകിയ കമ്മിറ്റിയുടെ പ്രധാന ശുപാർശയായ പാഠപുസ്തക കമ്മീഷൻ പോലും സർക്കാർ യാഥാർത്ഥ്യമാക്കിയില്ല. സർവ്വശിക്ഷാ അഭിയാൻ എന്ന പദ്ധതിയുടെ പേരിൽ നടക്കുന്ന അഴിമതിയും പണത്തിന്റെ ദുരുപയോഗവും ആർക്കും അംഗീകരിക്കാനാവില്ല. 2010ൽ സർവ്വശിക്ഷാ അഭിയാൻ പദ്ധതി അവസാനിക്കുകയാ ണ്. പാഠ്യപദ്ധതിയിലെ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള ഏറ്റവും നല്ല സന്ദർഭം കൂടിയാണിത്. അദ്ധ്യാപക സർവ്വീസ് സംഘടനകൾ ഈ വേളയിൽ ക്രിയാത്മകമായി പ്രതികരിക്കാൻ തയ്യാറാകണം.

പുതുക്കിയ പാഠപുസ്തകങ്ങളും പഠനം 'പാൽപ്പായസ'മാക്കിയ പുത്തൻ ബോധന മാർഗ്ഗങ്ങളും മാറ്റി മറിച്ച പരീക്ഷാസമ്പ്രദായങ്ങളും മൂല്യനിർണ്ണയ രീതികളും, വിജയശതമാനം ഉയർത്തുന്ന മാജിക് വിദ്യകളും ഈ രംഗത്തെ അമിതമായ രാഷ്ട്രീയവൽക്കരണവും കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തുനിന്നും കാമ്പും കഴമ്പും അപ്രത്യക്ഷമാക്കി. ഇനിയൊരു തിരിച്ചുപോക്കും കേരളത്തിലെ പൊതുസമൂഹത്തിന്റെ വിശ്വാസമാർജ്ജിക്കലും ഏറെ ശ്രമകരമാണ്. ഭരണഘടന നമുക്ക് ഉറപ്പു നൽകുന്ന സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഗുണ പരമായ രീതിയിൽ നടപ്പിലാക്കാൻ ഈ രംഗത്ത് കേന്ദ്രസിലബസ്സിന് തുല്യമായ പാഠ്യപദ്ധതി മാത്രമാണ് പോംവ ഴി. പാഠപുസ്തകങ്ങളുടെ ഉള്ളടക്കവും പഠനരീതികളും പരീക്ഷകളും ജനങ്ങളുടെ സ്വീകാര്യതയും കേന്ദ്രസില ബസ്സിനെ താരതമ്യേന മെച്ചപ്പെട്ടതാക്കുന്നു. ഈ ആവശ്യം ഉയർത്തിപ്പിടിച്ച് വ്യാപകമായ പ്രചാരണപരിപാടി കൾക്ക് രൂപം നൽകാൻ ടീച്ചേഴ്സ് ഗിൽഡ്, തൃശൂർ അതിരൂപത സമിതി തീരുമാനിച്ചു. പ്രസിഡന്റ് ജോഷി വട ക്കൻ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. തോമസ് കാക്കശ്ശേരി യോഗം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്ര ട്ടറി പി.ഡി. വിൻസെന്റ്, എ.ഡി സാജു, തോംസൺ വാഴപ്പിള്ളി, ടിജി റോയ്, പി.സി ആനീസ്, കെ.എഫ് ബാബു, പിഡി ആന്റോ, ബാബു ജോസ് തട്ടിൽ, ടി.ടി ബെന്നി, പി.പി കൊച്ചുറാണി, റീത്താ ആന്റണി, സിസ്റ്റർ ആൻലിൻ എന്നിവർ പ്രസംഗിച്ചു.

## 04. സംവരണ കാര്യത്തിൽ മതവിവേചനം അനീതി: സിബിസിഐ

സംവരണം നൽകുന്നതിൽ മതവിവേചനം കാട്ടുന്നത് അനീതിയാണെന്ന് ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) സെക്രട്ടറി ജനറലും ഗാന്ധിനഗർ ആർച്ച്ബിഷപ്പുമായ ഡോ. സ്റ്റെൻസ്ലാവോസ് ഫെർണാണ്ടസ് വ്യക്തമാക്കി. ക്രൈസ്തവ മതം സ്വീകരിച്ചു എന്ന കാരണത്താൽ ദളിത് ക്രൈസ്തവർക്ക് സംവരണം നിഷേധിക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വ്യക്തിയുടെയും സമൂഹത്തിന്റെയും സാമൂഹ്യ-സാമ്പത്തിക അവസ്ഥ കണക്കിലെടുത്തുവേണം സംവരണം നൽകേണ്ടത്. അനധികൃതമായ സംഭാവനകളും മറ്റും തടയണമെന്നു പറഞ്ഞ ആർച്ച്ബിഷപ്, സഭയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സിബിസിഐയ്ക്ക് അധികാരമില്ലെന്നു ചൂണ്ടിക്കാട്ടി. സ്ഥാപനങ്ങൾ നടത്തുന്ന സമൂഹമോ രൂപതകളോ ആണ് ഇക്കാര്യം ശ്രദ്ധിക്കേണ്ടത്. സ്വവർഗ വിവാഹം ഒരു കാരണവശാലും കത്തോലിക്കാ സഭയ്ക്ക് അംഗീകരിക്കാനാവില്ല. വിവാഹ മോചനത്തെയും സഭ പ്രോത്സാഹിപ്പിക്കുന്നില്ല: ആർച്ച് ബിഷപ് ചൂണ്ടിക്കാട്ടി.

**"Jagratha News"** - An internet news service is free and for private circulation, Web: jagrathakcbc.blogspot.com. Designed and Edited by Fr. Johny Kochuparambil MST, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25